# KERALA POLICE INFORMATION CENTRE

No.30/PR/PIC/PHQ/10 Date 05-05-2010

## പൂന്തുറയിലെ സി.ഡി റെയ്ഡ് സംബന്ധിച്ച് പോലീസിന്റെ വിശദീകരണം

2010 മെയ് 5-ാം തീയതിയിലെ ദിനപത്രങ്ങളിൽ "സി.ഡി റെയ്ഡിന്റെ മറവിൽ പോലീസ് സ്വർണ്ണവും പണവും കൈക്കലാക്കി" എന്ന വാർത്ത വന്നിട്ടുള്ളതാകുന്നു. എന്നാൽ പൂന്തുറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ആസാദ് നഗറിലുള്ള ടി.സി 47/1708 എന്ന വീട്ടിൽ അനിരുദ്ധൻ എന്ന ആൾ അനധികൃതമായി സി.ഡികൾ കച്ചവടം നടത്തുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൂന്തുറ അഡീഷണൽ സബ് ഇൻസ്പെക്ടർ കുമാരദാസ് അനിരുദ്ധന്റെ വീട്ടിൽ പരിശോധന നടത്തിയതിൽ സി.ഡി, ഡി.വി.ഡി ഡിസ്ക്കുകളും, സി.ഡി, ഡി.വി.ഡി എന്നിവ റൈറ്റ് ചെയ്യാൻ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, വോൾട്ടേജ് സ്റ്റെബിലൈസർ, ഡി.വി.ഡി പ്ലയർ എന്നിവയും അനിരുദ്ധന്റെ പോക്കറ്റിൽ സൂക്ഷിച്ചിരുന്ന 15,000/- രൂപയും നോക്കിയ ഇനത്തിൽപ്പെട്ട മൊബൈൽ ഫോണും വീട്ടിൽ സൂക്ഷിച്ചിരുന്ന 35,065 രൂപയും ഒരു സ്വർണ്ണമാലയും നിയമപരമായി സെർച്ച്ലിസ്റ്റിൽ വിവരിച്ച് എടുത്തശേഷം പൂന്തുറ പോലീസ് സ്റ്റേഷൻ ക്രൈം 208/10 U/s 51 (1) (a), 51 (a) (b) (1), 52A, 68A of Copy Right Act 1957 (Amendment Act 1984 of 1994) പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു. മേൽവിവരിച്ച സാധനങ്ങൾ എല്ലാം തന്നെ കൃത്യമായും എഫ്.ഐ.ആർ-ൽ ഉൾപ്പെടുത്തിയിട്ടുള്ളതാകുന്നു. എഫ്.ഐ.ഐർ-ൽ വിവരിച്ചെടുത്ത മുതലുകൾ നിയമപ്രകാരം KPF 151(A) പ്രകാരം കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. പോലീസ് നിയമപരമായി ചെയ്യേണ്ട പ്രവർത്തികൾ എല്ലാം തന്നെ സ്വീകരിച്ചിട്ടുള്ളതായി ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയ തിരുവനന്തപുരം സിറ്റി പോലീസ് സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി അറിയിച്ചിട്ടുള്ളതാകുന്നു.

The contents of this document may be deemed to be based on received information which is subject to further verification